# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**അടിയന്തര ചോദ്യം നമ്പർ : 01** **17-10-2016-ൽ മറുപടിക്ക്**

## ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ കൊച്ചി യൂണിറ്റ് സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.സ്വരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ കൊച്ചി യൂണിറ്റ് അടച്ച് പൂട്ടുവാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഈ തീരുമാനം പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) & (ബി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് 2012 മുതൽ സാമ്പത്തിക പ്രതിസന്ധി നേരിടുകയും പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ട് BIFR ന്റെ പരിഗണനയിലുമാണ്. എന്നാൽ കമ്പനി അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര സർക്കാരിൽ നിന്ന് ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഈ യൂണിറ്റ് അസംസ്കൃത വസ്തുക്കളുടെ അഭാവം മൂലം പ്രവർത്തന രഹിതമാണ്. കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയോ / അടച്ചുപൂട്ടൽ സംബന്ധിച്ചോ വിശദമായ റിപ്പോർട്ട് 15/11/2016 ന് മുമ്പ് സമർപ്പിക്കുവാൻ കേന്ദ്ര കെമിക്കൽസ് & പെട്രോകെമിക്കൽസ് വകുപ്പിനോട് BIFR 21/07/2016 ലെ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തനം നിലച്ചതോടെ 13 മാസമായി ഈ യൂണിറ്റിലെ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. |

| | |
|---|---|
| (സി) എങ്കിൽ ഈ സ്ഥാപനം അടച്ച് പൂട്ടാതെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്ത മാക്കുമോ ? | (സി) സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ കമ്പനി തങ്ങളുടെ കൈവശമുള്ള ഭൂമി Container Corporation of India യ്ക്കും BPCL നും പണയം നൽകി 411 കോടി രൂപ സമാഹരിക്കുവാനുള്ള ശ്രമത്തി ലാണ്. ഈ സ്ഥാപനം KSEB യ്ക്ക് കുടിശ്ശികയിനത്തിൽ 17.67 കോടി രൂപയും KWA യ്ക്ക് 62.81 കോടി രൂപയും നൽകുവാനുണ്ട്. പലിശയിൽ ഇളവു നൽകി ഒറ്റ തവണയായി കുടിശ്ശിക തീർക്കാൻ അനുവദിക്കണമെന്ന HOCL ന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>കേരള സർക്കാരിന്റെ അഭ്യർത്ഥനയുടെ കൂടി അടിസ്ഥാനത്തിൽ HOCL നെ പുനരുദ്ധരിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി യൂണിറ്റിലെ മുഴുവൻ പ്ലാന്റുകളും പ്രവർത്തിപ്പിക്കും എന്ന് HOCL അറിയിച്ചിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാ രണ പദ്ധതിയുടെ അംഗീകാരത്തിനു വേണ്ടിയുള്ള കേന്ദ്ര കാബിനറ്റ് നോട്ട് വിവിധ മന്ത്രാലയങ്ങളുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട് എന്ന് അറിയുന്നു. |

സെക്ഷൻ ഓഫീസർ